# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6521 21.11.2019 ൽ മറുപടിക്ക്**

## എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ നിയമന അംഗീകാരം

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 06.02.2019-ലെ സ.ഉ. (കൈ) നം.14/19/പൊതു.വി.വ. പ്രകാരം എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ അനുവദിച്ച തസ്തികകളിലേയ്ക്കുള്ള നിയമന അംഗീകാരത്തിനായി കണ്ണൂർ ജില്ലയിലെ എത്ര ഹയർസെക്കന്ററി സ്കൂൾ മാനേജ്മെന്റുകളിൽ നിന്നും റീജണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | 8 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| ( ബി) | ഇതിൽ ഏതൊക്കെ സ്കൂളുകളിലെ എത്ര അദ്ധ്യാപകരുടെ നിയമനത്തിനാണ് അംഗീകാരം നൽകിയിട്ടുള്ളത്; അറിയിക്കാമോ; | (ബി) | ആർക്കും നിയമനാംഗീകാരം നൽകിയിട്ടില്ല |
| (സി) | കുടാളി ഹയർസെക്കന്ററി സ്കൂളിൽ നിന്നും അപേക്ഷ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ കിട്ടിയത്; വ്യക്തമാക്കാമോ; | (സി) | ഉണ്ട്, 15/06/2019 ന് |
| (ഡി) | അപേക്ഷയിൽ എന്തെങ്കിലും അപാകതകൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തു പോരായ്മകളാണ് ഉള്ളതെന്നും അത് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ; | (ഡി) | അപേക്ഷയുടെ പ്രാഥമിക പരിശോധനയിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അംഗീകാരം നൽകുന്നതിന് ഇത്രയും കാലതാമസം വന്നതെന്നും എന്നത്തേയ്ക്ക് അംഗീകാരം നൽകുമെന്നും വ്യക്ത മാക്കാമോ; | (ഇ) | 2019-2020 തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടില്ല. തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ബോധപൂർവ്വമായ കാലതാമസമാണ് സംഭവിച്ചതെങ്കിൽ അതിന് ഉത്തര വാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ